**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1132** **10-08-2023 - ൽ മറുപടിയ്ക്ക്**

**ഞാങ്കടവ് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പിലാക്കി വരുന്ന ഞാങ്കടവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (എ) | കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പിലാക്കിവരുന്ന ഞാങ്കടവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ KIIFB, AMRUT എന്നീ Funding Agency മുഖാന്തിരമാണ് നടന്നു വരുന്നത്. ടി പദ്ധതിയ്ക്ക് 11/01/2017 തീയതിയിൽ 235 കോടി രൂപയുടെ ഭരണാനുമതി KIIFB മുഖാന്തരം നൽകുകയും, 12/02/2022 തീയതിയിൽ 104.423കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി അമൃതിൽ നിന്ന് നൽകുകയും ചെയ്തു. ആയതിന്റെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.<br><br>1. <u>12 m വ്യാസമുള്ള ഞാങ്കടവിലെ കിണറിന്റെ നിർമ്മാണം</u>:<br><br>15/02/2020 -ൽ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2. <u>തടയണ നിർമ്മാണം</u>:-<br><br>ഞാങ്കടവ് തടയണ നിർമ്മാണത്തിനായി നിരവധി തവണ ടെൻഡർ ചെയ്തെങ്കിലും ആരും തന്നെ പങ്കെടുക്കാത്തതിനാൽ ടെണ്ടർ റദ്ദാക്കുകയും, DSoR 2018 പ്രകാരം റിവൈസ് ചെയ്ത് വീണ്ടും ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ രണ്ടുപേർ പങ്കെടുത്തു. തുടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>**3. <u>റോ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ ബിൽഡിംഗ് മറ്റ് അനുബന്ധ ജോലികൾ</u>**<br><br>റോ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ ബിൽഡിംഗ് മറ്റ് അനുബന്ധ ജോലികൾ എന്നിവയ്ക്കായി DSoR 2016 ഉപയോഗിച്ചായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ ഈ പ്രവൃത്തിയ്ക്കായി നിരവധി തവണ ടെൻഡർ ചെയ്തിട്ടും ആരും എടുക്കാതെ വന്ന സാഹചര്യത്തിൽ പമ്പ് സെറ്റിന്റെ റേറ്റ് വാട്ടർ അതോറിറ്റിയിൽ റിവൈസ് |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനനുസരിച്ച് (03/2023-ൽ) പുതുക്കി പമ്പ്സെറ്റ്, ട്രാൻസ്ഫോർമർ ബിൽഡിംഗ് മറ്റ് അനുബന്ധ പ്രവൃത്തികൾ (solar panel, CCTV & Automation) എന്നിവ സംയോജിപ്പിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതിക അനുമതിക്കായി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.<br><br>**4. <u>റോ വാട്ടർ പമ്പിംഗ് മെയിൻ</u>** - ഞാങ്കടവിൽ നിന്നും വസൂരിച്ചിറ വരെ സ്ഥാപിക്കേണ്ട 28 Km, 1219 mm MS Pipe, നിലവിൽ 27 Km സ്ഥാപിച്ചിട്ടുണ്ട്. ടി ജോലിയുടെ 98% പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ള 1 Km Pipe സ്ഥാപിക്കുന്ന പ്രവൃത്തി MORTH -ന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ചെയ്യാവുന്നതാണ്.<br><br>**5. 1<u>00 MLD- ജലശുദ്ധീകരണശാല</u>**<br>വസൂരിച്ചിറയിലെ 100 MLD- ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തി 93% പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 31.10.2023- ന് പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**6. <u>ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ</u>**<br><br>പ്രവൃത്തി 31/3/2023-ൽ പൂർത്തീകരിച്ച് കഴിഞ്ഞു.<br><br>**7. <u>ഉപരിതല സംഭരണി (54 ലക്ഷം)</u>**<br><br>പ്രവൃത്തി 31.3.2023ൽ പൂർത്തീകരിച്ച് കഴിഞ്ഞു.<br><br>ഞാങ്കടവ് കുടിവെള്ള പദ്ധതിയുടെ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ ബിൽഡിംഗ് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തിയും, മറ്റ് അനുബന്ധ പ്രവൃത്തികളും, റാ വാട്ടർ പമ്പിങ് മെയിനിന്റെ ബാക്കിയുള്ള 1 km പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചതിനു ശേഷം പ്രസ്തുത പ്രവൃത്തിയും പൂർത്തീകരിച്ച് കഴിഞ്ഞ് 2024 സെപ്റ്റംബർ മാസത്തോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാം എന്ന് പ്രതീക്ഷിക്കുന്നു.<br><br>കോർപറേഷൻ പരിധിയിലെ 80 കിലോ മീറ്റർ വിതരണ ശൃംഖലകളുടെയും 3 ഉപരിതല സംഭരണികളിലെയും 40,500 കുടിവെള്ള കണക്ഷനുകളുടെയും നിർമ്മാണത്തിനായി അമൃത് 2.0-ൽ ഉൾപ്പെടുത്തി ആകെ 175.632 കോടി രൂപ യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ സാങ്കേതികാനുമതി /ടെൻഡർ ഘട്ടങ്ങളിലാണ്. |
| (ബി) | പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാണ് | (ബി) | കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് |

| | |
|---|---|
| ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | പരിഹാരമായി നടപ്പിലാക്കിവരുന്ന ഞാങ്കടവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ KIIFB, AMRUT എന്നീ Funding Agency മുഖാന്തിരമാണ് നടന്നു വരുന്നത്. ടി പദ്ധതിയ്ക്ക് 11/01/2017 തീയതിയിൽ 235 കോടി രൂപയുടെ ഭരണാനുമതി KIIFB മുഖാന്തരം നൽകുകയും, 12/02/2022 തീയതിയിൽ 104.423കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി അമൃതിൽ നിന്ന് നൽകുകയും ചെയ്തു. ആയതിന്റെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.<br><br>1. <u>12 m വ്യാസമുള്ള ഞാങ്കടവിലെ കിണറിന്റെ നിർമ്മാണം</u>:<br><br>15/02/2020 -ൽ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2. <u>തടയണ നിർമ്മാണം</u>:-<br><br>ഞാങ്കടവ് തടയണ നിർമ്മാണത്തിനായി നിരവധി തവണ ടെൻഡർ ചെയ്തെങ്കിലും ആരും തന്നെ പങ്കെടുക്കാത്തതിനാൽ ടെണ്ടർ റദ്ദാക്കുകയും, DSoR 2018 പ്രകാരം റിവൈസ് ചെയ്ത് വീണ്ടും ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ രണ്ടുപേർ പങ്കെടുത്തു. തുടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>**3. <u>റോ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ ബിൽഡിംഗ് മറ്റ് അനുബന്ധ ജോലികൾ</u>**<br><br>റോ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ ബിൽഡിംഗ് മറ്റ് അനുബന്ധ ജോലികൾ എന്നിവയ്ക്കായി DSoR 2016 ഉപയോഗിച്ചായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ ഈ പ്രവൃത്തിയ്ക്കായി നിരവധി തവണ ടെൻഡർ ചെയ്തിട്ടും ആരും എടുക്കാതെ വന്ന സാഹചര്യത്തിൽ പമ്പ് സെറ്റിന്റെ റേറ്റ് വാട്ടർ അതോറിറ്റിയിൽ റിവൈസ് ചെയ്യുന്നതിനനുസരിച്ച് (03/2023-ൽ) പുതുക്കി പമ്പ്സെറ്റ്, ട്രാൻസ്ഫോർമർ ബിൽഡിംഗ് മറ്റ് അനുബന്ധ പ്രവൃത്തികൾ (solar panel, CCTV & Automation) എന്നിവ സംയോജിപ്പിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതിക അനുമതിക്കായി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.<br><br>**4. <u>റോ വാട്ടർ പമ്പിംഗ് മെയിൻ</u>** - ഞാങ്കടവിൽ നിന്നും വസൂരിച്ചിറ വരെ സ്ഥാപിക്കേണ്ട 28 Km, 1219 mm MS Pipe, നിലവിൽ 27 Km സ്ഥാപിച്ചിട്ടുണ്ട്. ടി ജോലിയുടെ 98% പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ള 1 Km Pipe സ്ഥാപിക്കുന്ന പ്രവൃത്തി MORTH -ന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ചെയ്യാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | **5. 100 MLD- ജലശുദ്ധീകരണശാല**<br>വസൂരിച്ചിറയിലെ 100 MLD- ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തി 93% പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 31.10.2023- ന് പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**6. ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ**<br><br>പ്രവൃത്തി 31/3/2023-ൽ പൂർത്തീകരിച്ച് കഴിഞ്ഞു.<br><br>**7. ഉപരിതല സംഭരണി (54 ലക്ഷം)**<br><br>പ്രവൃത്തി 31.3.2023ൽ പൂർത്തീകരിച്ച് കഴിഞ്ഞു.<br><br>ഞാങ്കടവ് കുടിവെള്ള പദ്ധതിയുടെ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ ബിൽഡിംഗ് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തിയും, മറ്റ് അനുബന്ധ പ്രവൃത്തികളും, റാ വാട്ടർ പമ്പിങ് മെയിനിന്റെ ബാക്കിയുള്ള 1 km പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചതിനു ശേഷം പ്രസ്തുത പ്രവൃത്തിയും പൂർത്തീകരിച്ച് കഴിഞ്ഞ് 2024 സെപ്റ്റംബർ മാസത്തോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാം എന്ന് പ്രതീക്ഷിക്കുന്നു.<br><br>കോർപറേഷൻ പരിധിയിലെ 80 കിലോ മീറ്റർ വിതരണ ശൃംഖലകളുടെയും 3 ഉപരിതല സംഭരണികളിലെയും 40,500 കുടിവെള്ള കണക്ഷനുകളുടെയും നിർമ്മാണത്തിനായി അമൃത് 2.0-ൽ ഉൾപ്പെടുത്തി ആകെ 175.632 കോടി രൂപ യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ സാങ്കേതികാനുമതി /ടെൻഡർ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ